"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം -ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ തസ്തികയിൽ നിയമനം, സർക്കാർ നഴ്സിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ സ്ഥലം മാറ്റം/നിയമനം എന്നിവ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1826/2025/H&FWD തീയതി,തിരുവനന്തപുരം, 02-07-2025

പരാമർശം:-
1. 14.05.2024 - ലെ സ.ഉ.(സാധാ) നം. 1173/2024/ആ.കു.വ
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 04.06.2025 തീയതിയിലെ ജി.1 /1606/2020/മെ.വി.വ നമ്പർ കത്ത്.
3. സ.ഉ (കൈ) നം. 196/2024/ആ.കു.വ തീയതി 16.08.2024

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ തസ്തികയിലെ നിയമനവും, വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലെ സ്ഥലംമാറ്റം/നിയമനം എന്നിവ സംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം അംഗീകരിക്കപ്പെട്ട പ്രൊഫസർ തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ നിലവിൽ സർവീസിലുള്ള അദ്ധ്യാപകരിൽ, പ്രൊഫസർ തസ്തികയിൽ 2 വർഷം സേവനം പൂർത്തീകരിച്ചിട്ടുള്ള, പത്തനംതിട്ട സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായ **ഡോ.ബീന എം.ആർ.**- നെ ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ തസ്തികയിൽ പരാമർശം (3) ഉത്തരവ് പ്രകാരം നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

3. വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ, നിലവിൽ പ്രിൻസിപ്പൽ തസ്തികയിൽ തുടരുന്ന ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിച്ച് മെഡിക്കൽ വിദ്യഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും വിധം സ്ഥലം മാറ്റ നിയമനം നൽകി കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, നിലവിലെ സ്റ്റേഷൻ | സ്ഥലംമാറ്റം നൽകുന്ന സ്റ്റേഷൻ |
|---|---|---|
| 1. | **ഡോ.ഗീതാകുമാരി എസ്.** | സർക്കാർ നഴ്സിംഗ് കോളേജ്, |

| | | |
|---|---|---|
| | സർക്കാർ നഴ്സിംഗ് കോളേജ്, കാസർഗോഡ് | **തിരുവനന്തപുരം** |
| 2. | **പ്രൊഫ.ഉഷാകുമാരി പി.** സർക്കാർ നഴ്സിംഗ് കോളേജ്, മഞ്ചേരി | സർക്കാർ നഴ്സിംഗ് കോളേജ്, **കോഴിക്കോട്** |
| 3. | **പ്രൊഫ.റീന എ. തങ്കരാജ്** സർക്കാർ നഴ്സിംഗ് കോളേജ്, വയനാട് | സർക്കാർ നഴ്സിംഗ് കോളേജ്, **തൃശ്ശൂർ** |

4 . ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ തസ്തികയിലെ നിയമനം, പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുള്ള തസ്തികകളിലെ സ്ഥലംമാറ്റം എന്നിവ മുഖേന പ്രിൻസിപ്പൽ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പ്രൊഫസർമാർക്കു നിയമനം നൽകി കൊണ്ട് ഉത്തരവാകുന്നു.

| **ക്രമ നമ്പർ** | **പേര്, തസ്തിക, നിലവിലെ സ്റ്റേഷൻ** | **പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകുന്ന സ്റ്റേഷൻ** |
|---|---|---|
| 1 | **ശ്രീമതി. ശ്രീദേവി സി.ആർ.** സർക്കാർ നഴ്സിംഗ് കോളേജ്, ആലപ്പുഴ. | സർക്കാർ നഴ്സിംഗ് കോളേജ്, **പത്തനംതിട്ട** |
| 2 | **ഡോ. സിന്ധു കിഴക്കേപ്പാട്ട്** സർക്കാർ നഴ്സിംഗ് കോളേജ്, മഞ്ചേരി. | സർക്കാർ നഴ്സിംഗ് കോളേജ്, **മഞ്ചേരി.** |
| 3 | **ശ്രീമതി. ജ്യോതി കെ. ദിവാകരൻ** സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം. | സർക്കാർ നഴ്സിംഗ് കോളേജ്, **പാലക്കാട്** |
| 4 | **ഡോ. ലിനി ജോസഫ്,** സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം. | സർക്കാർ നഴ്സിംഗ് കോളേജ്, **കോട്ടയം.** |
| 5 | **ശ്രീമതി. ശോഭ പി.എസ്.** സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം. | സർക്കാർ നഴ്സിംഗ് കോളേജ്, **കാസർഗോഡ്** |
| 6 | **ശ്രീമതി. റസിയ കെ.കെ.** സർക്കാർ നഴ്സിംഗ് കോളേജ് കൊല്ലം. | സർക്കാർ നഴ്സിംഗ് കോളേജ്, **വയനാട്** |

5. ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ തസ്തികയുടെ പൂർണ്ണ അധികച്ചുമതല മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ ഓഫീസർക്കും, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട് എന്നീ സർക്കാർ നഴ്സിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയുടെ പൂർണ്ണ അധികച്ചുമതല ടി കോളേജുകളിലെ ബന്ധപ്പെട്ട അദ്ധ്യാപകർക്കും നൽകിയ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡോ.ബീന എം.ആർ, പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, പത്തനംതിട്ട (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)

എല്ലാ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)

ബന്ധപ്പെട്ട ജീവനക്കാർക്ക് (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ.(C2/135/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 02-07-2025 17:15:36

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്